# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1526 — 03.10.2011 ൽ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് വ്യക്തമായ മാർഗ്ഗരേഖകളും, ചട്ടങ്ങളും ഉണ്ട്. ഇതിൽ കാലാകാലങ്ങളിൽ ഭേദഗതി വരുത്താറുണ്ട്. ഭാരിച്ച ചികിത്സാചെലവു വരുന്ന ഗുരുതരമായ രോഗങ്ങൾ പിടിപെട്ടവർക്കും വാർഷിക കുടുംബ വരുമാനം 20,000/- രൂപയിൽ കുറവായവർക്കുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധീയിൽനിന്നും ചികിത്സാ ധനസഹായം നൽകി വരുന്നത്. |
| (ബി) മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും തുക അനുവദിക്കപ്പെട്ടശേഷം ഗുണഭോക്താവിന്റെ കൈവശം തുക എത്തുന്നതിനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ധനസഹായ വിതരണത്തിന് ചില സന്ദർഭങ്ങളിൽ കാലതാമസം ഉണ്ടാകാറുണ്ട്. |
| (സി) എങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നത്? | (സി) ധനസഹായ വിതരണത്തിന് സർക്കാർ ഇപ്പോൾ ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ധനസഹായ വിതരണത്തിൽ ഉണ്ടാകുന്ന ഭരണപരമായ കാലതാമസം ഒഴിവാക്കുന്നതിന് താഴെപറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1. ധനകാര്യവകുപ്പ് ജില്ലാ കളക്ടർമാർക്ക് തുക ചെക്കായി നൽകി വന്നിരുന്നത് കാലതാമസം ഒഴിവാക്കാനായി ഡ്രാഫ്റ്റായി നൽകുന്നു.<br>2. ജില്ലാ കളക്ടർമാർ തഹസിൽദാർമാർക്ക് നൽകുന്ന ചെക്കുകൾ കളക്ഷനായി വരുന്ന കാലതാമസം ഒഴിവാക്കാൻ തഹസിൽദാർ ചെക്ക് നേരിട്ട് ട്രഷറിയിൽ ഹാരാക്കി അന്നുതന്നെ തുക മാറാനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

അതിൽതന്നെ അറിയിപ്പ് കിട്ടി ഒരാഴ്ചയ്ക്കകം തഹസിൽദാരുടെ കൈയ്യിൽ നിന്നും തുക കൈപ്പറ്റാൻ അപേക്ഷകർക്ക് നിർദ്ദേശം നൽകുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

4. സർക്കാർ ഗുണഭോക്താവിന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകം വിതരണം ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**